ദേശാഭിമാനി.



ജനസമ്പർക്ക പരിപാടി കൽപ്പറ്റയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

# ജനസമ്പർക്കം: ധനസഹായം വിതരണംചെയ്തു

കൽപ്പറ്റ: മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ വിവിധ ധനസഹായം വിതരണംചെയ്തു. മാനന്തവാടി പി കെ കാളൻ മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം പണിയാൻ നല്ലൂർനാട് വില്ലേജിൽ റീസർവെ 23/1 ൽപ്പെട്ട 2.63 ഏക്കർ സ്ഥലം അനുവദിക്കും. 2008 ജൂലൈയിൽ ആരംഭകാലംമുതൽ മാനന്തവാടി ഗവ.കോളേജിന്റെ രണ്ട് ബ്ലോക്കുകളിലായാണ് കോളേജ് പ്രവർത്തിച്ചിരുന്നത്.

കാലവർഷത്തിൽ മരണമടഞ്ഞ പെരുവടിയിൽ സീതയുടെ കുടുംബത്തിനും, പുളിക്കൽ അനുപമയുടെ കുടുംബത്തിനും, വാകേരി അംബേദ്കർ കോളനിയിലെ കാർത്തിയുടെ കുടുംബത്തിനും ഒരു ലക്ഷംരൂപ വീതം ധനസഹായം നൽകി. മാനന്തവാടി താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 124 കേസുകളിലായി 5,000 രൂപ വീതം 6,20,000 രൂപയും ദേശീയകുടുംബക്ഷേമ നിധിയിൽനിന്ന് 42 കേസുകളിലായി 10,000 രൂപ വീതം 4,20,000 രൂപയും വിതരണംചെയ്തു.

ബത്തേരി താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2,22,500 രൂപയും ദേശീയകുടുംബക്ഷേമനിധിയിൽനിന്ന് 14 കേസുകളിലായി 10,000 രൂപ വീതം 1,40,000 രൂപയും വിതരണംചെയ്തു. വൈത്തിരി താലൂക്കിൽ മുഖ്യമന്ത്രിയുടെ ... നിന്നും 482 കേസുകളിലാ... സിൽ 46 കേ... ആ...

# വനമേഖലയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കും: മുഖ്യമന്ത്രി

ബത്തേരി: വയനാട് വന്യജീവി സങ്കേതത്തിലെ പതിനാല് ജനാധിവാസ കേന്ദ്രങ്ങളിൽനിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി കേന്ദ്രസർക്കാരിന്റെ ധനസഹായത്തിന് കാത്തുനിൽക്കാതെത്തന്നെ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. നൂൽപ്പുഴയിൽ കുട്ടങ്കര ജനാധിവാസകേന്ദ്രം സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലത്ത് 6.30 ഓടെതന്നെ കുട്ടങ്കരയിലെത്തിയ മുഖ്യമന്ത്രി പ്രദേശത്തെ ജനങ്ങളിൽനിന്നും പരാതികൾ കേട്ടറിഞ്ഞു.

എൺപത് കോടി രൂപ ചെലവിൽ വയനാട്ടിലെ വനമേഖലകളിൽനിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാക്കിയ പദ്ധതിനിലവിൽ കേന്ദ്ര സർക്കാറിന്റെ പരിഗണനയിലാണ്. ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പ്രദേശവാസിയായ ഫോറസ്റ്റ് വാച്ചർ വാസുവിന്റെ കുടുംബത്തിന് മൂന്ന് ലക്ഷം രൂപയുടെ ധനസഹായം മുഖ്യമന്ത്രി വിതരണംചെയ്തു.